# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# സുന്ദരിയായ എസ്ഥേർരാജ്ഞി


എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗീകരിച്ചത് : Rev. Benny
തർജ്ജിമ ചെയുതത് : Ruth Klassen


കഥ 30-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

ഒരിക്കൽ ഒരിടത്ത് എസ്ഥേർ എന്നു പേരുള്ള ഒരു സുന്ദരി പെൺകുട്ടി ഉണ്ടായിരുന്നു. അപ്പനും അമ്മയും മരിച്ചുപോയപ്പോൾ മുതൽ എസ്ഥേറിനെ വളർത്തിയിരുന്നത് അവളുടെ കസിനായ മോർദ്ദെഖായി ആയിരുന്നു. തന്റെ കസിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ട് എസ്ഥേർ ഒരു നല്ല മകളെപ്പോലെ വളർന്നു.



1



എസ്ഥേർ ജീവിച്ചിരുന്നത് പേർഷ്യയിലാണ്. എന്നാൽ എസ്ഥേർ പേർഷ്യക്കാരി അല്ലായിരുന്നു. അവൾ യഹൂദവംശക്കാരിയായിരുന്നു. അവളുടെ പൂർവ്വ പിതാക്കന്മാർ പേർഷ്യയിലേക്ക് വന്നത് യുദ്ധത്തിൽ പിടിച്ചുകൊണ്ടുവന്ന കുറ്റവാളികളായിട്ടാണ്. എസ്ഥേറിന്റെ കാലത്ത് ധാരാളം യെഹൂദന്മാർ പേർഷ്യയിൽ പാർത്തിരുന്നു.

2


ഭൂലോകത്തുള്ള സകല
രാജാക്കന്മാർക്കും വേണ്ടി രാജാവ്
ഒരു വലിയ വിരുന്നൊരുക്കി.
പുരുഷന്മാരെ
കൂടാതെ
വസ്ഥിരാജ്ഞി
ഒരുക്കിയ വിരുന്നിൽ
സ്ത്രീകളും
പങ്കുകൊണ്ടു.
3
കുടിച്ച് മത്തനായ
രാജാവ് കല്പിച്ചു,
വസ്ഥിരാജ്ഞി തന്റെ
രാജവസ്ത്രം ധരിച്ച്
തന്റെ സൗന്ദര്യം
വെളിപ്പെടുത്തട്ടെ.
വസ്ഥിരാജ്ഞി അത്
നിരസിച്ചു.
4
സ്ത്രീകൾ തങ്ങളുടെ
ഭർത്താക്കന്മാരെ
അനുസരിക്കണം എന്ന്
കാണിക്കുവാൻ രാജാവ് ഒരു
നിയമം പാസാക്കുകയും, ആ
നിയമം വസ്ഥിയുടെ കിരീടം
എടുത്തുമാറ്റുകയും ചെയ്തു.
ഇനിമുതൽ വസ്ഥി
രാജ്ഞിയല്ല.
5
പുതിയ
രാജ്ഞിക്കുവേണ്ടിയുള്ള
അന്വേഷണമായി.
രാജ്യത്തെ സകല
സുന്ദരിമാരിൽനിന്നു
രാജാവ് തന്റെ ഭാര്യയായി
തിരഞ്ഞെടുത്തത് എസ്ഥേറിനെ
ആയിരുന്നു. താൻ രാജകീയ
കിരീടം അവളുടെ തലയിൽ
വെച്ചു. താൻ യഹൂദ
പെൺകുട്ടിയാണെന്ന കാര്യം
എസ്ഥേർ രാജാവിനോടു
പറഞ്ഞില്ല. പറയരുതെന്ന്
അവളുടെ കസിൻ
പറഞ്ഞിരുന്നു.
6
എസ്ഥേറിൽനിന്നുള്ള
വാർത്തകൾ
കേൾക്കേണ്ടതിന് അവളുടെ
കസിൻ മോർദ്ദെഖായി
കൊട്ടാരവാതിൽക്കൽ
സമയം ചെലവഴിച്ചിരുന്നു.
കൊട്ടാരത്തിലെ സേവകർ
രാജാവിനെ കൊന്നുകളവാൻ
പദ്ധതി തയ്യാറാക്കുന്നത് ഒരു
ദിവസം മോർദ്ദെഖായി
കേട്ടു.
7
മോർദ്ദെഖായി മുന്നറിയിപ്പ്
നല്കിയതിനാൽ
രാജാവിന്റെ ജീവൻ
രക്ഷപ്പെട്ടു. ആ സേവകരെ
തൂക്കിക്കൊല്ലുകയും
മോർദ്ദെഖായിയുടെ പേര്
രാജാവിന്റെ വൃത്താന്ത
പുസ്തകത്തിൽ
എഴുതിവയ്ക്കുകയും
ചെയ്തു.
8


ഹാമാൻ എന്ന ഒരു ധനവാനായിരുന്നു
രാജാവിന്റെ രണ്ടാമൻ. ഹാമാൻ
കടന്നുപോകുമ്പോൾ എല്ലാവരും
വണങ്ങി നമസ്കരിച്ചിരുന്നു. സകലരും,
ഒരു മനുഷ്യനൊഴികെ. യഹൂദനായ
മോർദ്ദെഖായി ജീവനുള്ള ദൈവത്തെ
മാത്രമേ വണങ്ങി നമസ്കരിക്കുകയുള്ളൂ.
9
ഹാമാൻ മോർദ്ദെഖായിയെ അങ്ങേയറ്റം വെറുക്കുകയും
അവനെയും യഹൂദജനത്തെ മുഴുവനും കൊന്നുകളയുവാൻ
തീരുമാനിക്കുകയും ചെയ്തു. എത്ര ഭീകരം! ദുഷ്ടനായ
ഹാമാൻ തന്ത്രപൂർവ്വം രാജാവിനെക്കൊണ്ട്
ഒരു നിയമത്തിൽ
ഒപ്പുവയ്പിച്ചതിൻപ്രകാരം
ഒരു പ്രത്യേക സമയത്ത്
തന്റെ രാജ്യത്തിലെ
സകല യഹൂദരും
കൊല്ലപ്പെടും.
10
ഇതൊരു ഭയങ്കര
നിയമം ആയിരുന്നു.
യഹൂദന്മാരും
പേർഷ്യക്കാരും
ഒരുപോലെ കരഞ്ഞു.
എന്നാൽ ഓർക്കുക –
ദൈവം എസ്ഥേറിനെ
രാജ്ഞിയാക്കി.
അവൾ ഒരു യഹൂദ
സ്ത്രീയായിരുന്നു.
11
അവൾ തന്റെ
രഹസ്യം
രാജാവറിയാതെ
സൂക്ഷിക്കുമോ
അല്ല, അവൾ
തന്റെ ജീവിനെ
പണയംവെച്ച്
തന്റെ ജനത്തെ
രക്ഷിക്കുവാൻ
ശ്രമിക്കുമോ?
12
ദൈവം എസ്ഥേറിന് ബുദ്ധിപരമായ ഒരു ആശയം നൽകി.
അവൾ രാജാവിനെയും ഹാമാനെയും വിരുന്നിന് ക്ഷണിച്ചു.
അവിടെവെച്ച്, എന്തു ചോദിച്ചാലും നൽകിത്തരാമെന്ന് രാജാവ്
അവൾക്ക് വാക്കുകൊടുത്തു. “രാജാവും ഹാമാനും നാളെയും
വിരുന്നിനു വരണം” എസ്ഥേർ മറുപടി പറഞ്ഞു. അപ്പോൾ
അവൾ പറയും തനിക്കെന്താണു വേണ്ടതെന്ന്.
13
അതേസമയം, ഹാമാൻ
മോർദ്ദെഖായിയെ
തൂക്കിക്കൊല്ലുവാൻ
വേണ്ടി ഒരു വലിയ
കഴുമരം ഉണ്ടാക്കി.
14


ആ രാത്രിയിൽ രാജാവിന്
ഉറക്കം വന്നില്ല. ദിനവൃത്താന്തം
വായിച്ച് കേട്ടതിൽനിന്ന് തനിക്കു
മനസിലായി, തന്റെ ജീവൻ രക്ഷിച്ച
മോർദ്ദെഖായിക്ക് പ്രതിഫലം ഒന്നും
കൊടുത്തിട്ടില്ലെന്ന്.
15


പിറ്റേദിവസം രാവിലെ, രാജാവ്
ഹാമാനോട് ചോദിച്ചു: ‘‘രാജാവ്
മാനിക്കാനിരിക്കുന്ന പുരുഷനുവേണ്ടി
എന്താണു ചെയ്യേണ്ടത്?’’ ഹാമാൻ
ഇരട്ടിസന്തോഷത്തിലായി. രാജാവ്
ഉദ്ദേശിച്ചത് അവനെക്കുറിച്ചാണെന്ന്
ഹാമാൻ വിചാരിച്ചു!
16


മോർദ്ദെഖായിയെ തൂക്കിലേറ്റുവാൻ
വേണ്ട അനുമതി ലഭിക്കുവാൻവേണ്ടി
ഹാമാൻ രാജാവിന്റെ അടുത്തുവന്നു.
കഴുമരം തയ്യാറാണ്.
17


ഇപ്പോൾ അത് കാത്തിരിക്കേണം.
സന്തോഷഭരിതനായി, ഹാമാൻ തന്റെ
നിർദ്ദേശം പുറത്തുവിട്ടു. ‘‘ആ മനുഷ്യനെ
രാജാവിന്റെ വസ്ത്രവും കിരീടവും
ധരിപ്പിക്കുക.’’
18


‘‘രാജാവിന്റെ കുതിരപ്പുറത്ത്
അവനെ ഇരുത്തുക. എല്ലാവരും
കാണേണ്ടതിന് അവനെ പട്ടണത്തിലൂടെ
കൊണ്ടുപോകുവാൻ ഒരു രാജാവിന്റെ
അതിശ്രേഷ്ഠ പ്രഭുക്കന്മാരിൽ ഒരാളോടു
കല്പിക്കേണം.’’
19


രാജാവ് ഹാമാനോട്
കല്പിച്ചു, ‘‘വേഗമാകട്ടെ; നീ
പറഞ്ഞതൊക്കെയും യഹൂദനായ
മോർദ്ദെഖായിക്ക് ചെയ്ക.’’
20



മോർദ്ദെഖായിയെ ബഹുമാനിച്ചുകൊണ്ട് പട്ടണത്തിലൂടെ നടന്ന ഹാമാന് എന്തുതോന്നിക്കാണുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? മുമ്പത്തെക്കാളധികം അവൻ മോർദ്ദെഖായിയെ വെറുത്തു.

21



ഹാമാൻ ഇങ്ങനെ ചിന്തിച്ചുകാണും; ‘‘അല്പം കാത്തിരിക്ക, അവൻ അധികം താമസിക്കാതെ കൊല്ലപ്പെടും. മറ്റു സകല യഹൂദൻമാരോടുമൊപ്പം.’’

22

രാത്രി വൈകി, രാജാവും ഹാമാനും എസ്ഥേർ രാജ്ഞി ഒരുക്കിയ വിരുന്നിനു വന്നു. ‘‘നിന്റെ അപേക്ഷ എന്താണ്?’’ രാജാവ് എസ്ഥേറിനോട് ചോദിച്ചു. രാജാവ് തന്റെ വാഗ്ദത്തം മറന്നിരുന്നില്ല. ഹാമാനെ ചൂണ്ടിക്കൊണ്ട് അവന്റെ സകല ദുഷ്ടതയെക്കുറിച്ചും എസ്ഥേർ രാജാവിനോട് പറഞ്ഞു ‘‘അവനെ തൂക്കിലേറ്റുക’’ രാജാവ് കല്പിച്ചു.



23

യഹൂദന്മാർ തങ്ങളുടെ രക്ഷയ്ക്കുവേണ്ടി പോരാടിക്കൊള്ളുവാൻ വേണ്ട ഒരു നിയമവും രാജാവ് പാസാക്കി. അവർ രക്ഷപ്പെട്ടു! മോർദ്ദെഖായി രാജാവിന്റെ രണ്ടാമനാവുകയും എല്ലാ യെഹൂദന്മാരും സന്തോഷിക്കുകയും പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. സുന്ദരിയായ എസ്ഥേർ രാജ്ഞിയിലൂടെ ദൈവം തങ്ങളെ എപ്രകാരം രക്ഷിച്ചു എന്നതിനെക്കുറിച്ച് യഹൂദന്മാർ ഇന്നും ഓർക്കുന്നു.



24

സുന്ദരിയായ എസ്ഥേർരാജ്ഞി

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

എസ്ഥേർ

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു.
പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.